പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 336 — 07.08.2017 — ൽ മറുപടിക്ക്

# റേഷൻ കാർഡിലെ മുൻഗണന പട്ടിക

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി :

(എ) ഇപ്പോൾ വിതരണം ചെയ്ത റേഷൻ കാർഡിലെ മുൻഗണന പട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കാനും അർഹരായവരെ ഉൾപ്പെടുത്തുവാനും എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കാമോ ;

(ബി) ഇതിനായി തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) കരട് മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ വാങ്ങി പഞ്ചായത്ത്തലത്തിലും ജില്ലാതലത്തിലും പരിശോധിച്ച ശേഷമാണ് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. തുടർന്ന് പട്ടികയിൽ അനർഹർ ഉൾപ്പെട്ടെന്നും അർഹർ ഒഴിവായെന്നും പരാതികൾ വന്നത് ഗൗരവമായി കണക്കിലെടുത്ത് സർക്കാർ ടി പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരമാണ് ആയതിന്റെ പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളത്. അനർഹരായ സർക്കാർ/അർദ്ധ സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ഒഴിവാകുന്ന അനർഹരുടെ സ്ഥാനത്ത് അർഹരായ ആളുകളെ പ്രവേശിപ്പിക്കാൻ സാധിക്കുന്നതാണ്.

(ബി) 27.04.2012 ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ., 04.01.2011 ലെ സ.ഉ(കൈ)നം. 16/2011/ത.സ്വ.ഭ.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | അപാകതകൾ പരിഹരിച്ച് സമയബന്ധിതമായി റേഷൻ കാർഡ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | (സി) | പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ലെ വകുപ്പ് 3 ന്റെ ഉപവകുപ്പ് 13 പ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം അംഗീകരിക്കപ്പെടുന്ന ലിസ്റ്റ് ക്രമമായ പുനരവലോകനത്തിന് വിധേയമാക്കണമെന്ന് നിർ ദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലെ റേഷൻ കാർഡ് വിതരണം നിർത്തി വയ്ക്കേണ്ട ആവശ്യമില്ല. അനർഹരെ മാറ്റി അർഹരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുമ്പോൾ അവർക്ക് അർഹമായ ഗണത്തിലുള്ള കാർഡ് നൽകുന്നതാണ്. അപാകതകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*